പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3565

15/07/2015 -ൽ
മറുപടിയ്ക്കു്

**<u>സി.സി. രവിയുടെ സസ്പെൻഷൻ</u>**

<u>ചോദ്യം</u>
ശ്രീമതി പി. അയിഷാ പോറ്റി

<u>ഉത്തരം</u>
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ അധീനതയിലുള്ള കൊട്ടാരക്കര ഗ്രൂപ്പിൽ പോരേടം സബ് ഗ്രൂപ്പിൽപ്പെട്ട ചുള്ളൂണ്ണി ദേവസ്വത്തിൽ കഴകം തസ്തിക യിൽ ജോലി നോക്കിയിരുന്ന സി.സി. രവിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യാനിടയായ സാഹചര്യം വിശദമാക്കുമോ; | എ) കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട ചുള്ളൂണ്ണി ദേവസ്വം കഴകമായി ജോലി നോക്കിയിരുന്ന ശ്രീ. സി.സി. രവി, ടി ദേവസ്വത്തിൽ കാണിക്കയായി സമർപ്പിച്ച ഒരു പവൻ തൂക്കം വരുന്ന ഒരു സ്വർണ്ണ നെക്ലെസ് അപഹരിച്ച് ബാങ്കിൽ പണയം വച്ച് വ്യക്തി പരമായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി വെളിവായതിൻെറ അടിസ്ഥാനത്തിലാണ് സസ്പെൻറ് ചെയ്തത് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| ബി) ടിയാനെ പ്രസ്തുത സംഭവത്തിൽ സസ്പെൻഡ് ചെയ്തത് എന്നാ ണെന്നും അതിനുശേഷം സർവ്വീസിൽ തിരിച്ചെടുത്തത് എന്നാണെന്നും അറിയിക്കുമോ; | ബി) ശ്രീ. സി.സി. രവിയെ 1/6/2012 ൽ സസ്പെൻറ് ചെയ്യുകയും 1/2/2013 -ൽ തിരികെ പ്രവേശി പ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| സി) ടിയാൻെറ സേവന കാലയള വിനുള്ളിൽ എത്ര തവണ ശിക്ഷാ, അച്ചടക്ക നടപടികൾക്ക് വിധേയ നായിട്ടുണ്ടെന്നും അതിൻെറ വിശ ദാംശങ്ങളും വെളിപ്പെടുത്തുമോ? | സി) ശ്രീ. സി.സി.രവി, ടിയാൻെറ സേവനകാലയളവിൽ രണ്ടു തവണ സസ്പെൻഷൻ നേരിട്ടുണ്ട്.<br>(എ) അനധികൃതമായി ജോലിയ്ക്ക് ഹാജരാകാ തിരുന്നതിന് 14/8/1988 മുതൽ 31/10/1989 വരെയുള്ള കാലയളവിൽ.<br>(ബി) കൊട്ടാരക്കര ഗ്രൂപ്പിലെ ചുള്ളൂണ്ണി ദേവസ്വ ത്തിലായിരിക്കവെ കാണിക്കയായി ലഭിച്ചിരുന്ന ഒരു പവൻ തൂക്കം വരുന്ന സ്വർണ്ണ നെക്ലെസ് അപഹരണം നടത്തിയതിന് 1/6/2012 മുതൽ 1/2/2013 വരെ സസ്പെൻഷനിൽ ആയിരുന്നു.<br>ഇതിന്മേൽ അച്ചടക്ക നടപടി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ